# ക്വട്ടേഷൻ നോട്ടീസ്

സ.ഉ.(സാധ) നമ്പർ.1026/2024/ഐ.ഡി തീയതി 19.10.2024 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പിന്റെ ആലപ്പുഴ ജില്ലാ ആഫീസിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരു വർഷത്തേയ്ക്ക് ഒരു വാഹനം വാടകയ്ക്ക് എടുക്കുന്നതിലേയ്ക്ക് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമായ ആഫീസിന്റെ പേര് | മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പ് ജില്ലാ ആഫീസ്, ആലപ്പുഴ |
| വാഹനം | ജീപ്പ് / കാർ (Mahindra Bolero, Maruti Suzuki Swift Dzire, Honda Amaze, Tata Indigo or equivalent) |
| ആവശ്യമുള്ള വാഹനങ്ങളുടെ എണ്ണം | 1 എണ്ണം |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | **11.02.2025, 03.00 മണി** |
| ക്വട്ടേഷൻ ഓപ്പൺ ചെയ്യുന്ന തീയതിയും സമയവും | **11.02.2025, 04.30 മണി** |

–

15.09.2018 ലെ 85/2018/ഫിൻ സർക്കുലറിലെ നിബന്ധനകൾ പാലിച്ച് ക്വട്ടേഷനിൽ വാഹനത്തിന്റെ കിലോമീറ്റർ റേറ്റ് വ്യക്തമായി സൂചിപ്പിച്ചിരിക്കേണ്ടതാണ് വാഹനം നല്ല കണ്ടീഷനിലുള്ളതായിരിക്കണം. വാഹനത്തോടൊപ്പം ഡ്രൈവർകൂടി ഉണ്ടായിരിക്കേണ്ടതാണ്. ചില സാഹചര്യങ്ങളിൽ വാഹനങ്ങൾ ജില്ലാ ആസ്ഥാനത്തല്ലാതെ ഹാൾട്ട് ചെയ്യേണ്ടതായി വരുന്നതാണ്. കൂടാതെ ഫീൽഡ് വർക്കുകളുമായി ബന്ധ പ്പെട്ടുള്ള പ്രവർത്തനങ്ങളാകയാൽ മിനിമം ദൂരക്ലിപ്തതയോ സമയക്ലിപ്തതയോ ഉണ്ടായിരിക്കുന്നതല്ല. അംഗീകരിക്കപ്പെട്ട റേറ്റ് കോൺട്രാക്റ്റ് പിരീഡിൽ റിവൈസ് ചെയ്യുന്നതല്ല. വാഹനം വൃത്തിയായി സൂക്ഷിക്കുന്ന വിധത്തിലും പെർഫെക്ട് റണ്ണിംഗ് കണ്ടീഷനിലുള്ളതുമായിരിക്കണം. കൂടാതെ വാഹനത്തിന് നിരത്തിലോടുന്നതിനാവശ്യമായ എല്ലാ ലൈസൻസുകളും ഇൻഷ്വറൻസും ഉണ്ടായിരിക്കേണ്ടതും അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്. മാത്രമല്ല വാഹനത്തിൽ ആവശ്യമായ ഇന്ധനം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വാഹനത്തിന്റെ ഡ്രൈവർ ടി വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതും യാതൊരുവിധത്തിലുള്ള അപമര്യാദപരമായ പെരുമാറ്റം ഡ്രൈവറുടെ ഭാഗത്തു നിന്ന് ഉണ്ടാകുവാൻ പാടില്ലാത്തതുമാണ് വാഹനത്തിന്റെയും ഡ്രൈവറുടേയും സേവനം അതൃപ്തികരമായി കാണുന്ന പക്ഷം മറ്റൊരു മുന്നറിയിപ്പില്ലാതെ കോൺട്രാക്ടിൽ നിന്നും ആഫീസ് പിൻവാങ്ങുന്നതാണ്.

–

ജിയോളജിസ്റ്റ്

Signed by
Gita S R
Date: 04-02-2025 16:35:27

–

–